ഉദ്യോഗസ്ഥൻ റെയ്ഡിനു ചെന്നപ്പോൾ വാറ്റിൽ ഏർപ്പെട്ടിരുന്ന ആളുകൾ ഉദ്യോഗസ്ഥരെ കണ്ട ഉടനെ പുഴയിൽ എടുത്തു ചാടി ; അല്ലാതെ ഓടിച്ചിട്ടൊന്നുമല്ല. എക്സൈസ് ഉദ്യോഗസ്ഥരെ കണ്ട ഉടൻതന്നെ ആറ്റിൽച്ചാടി നീന്തി. അക്കരെ എത്തുന്നതിനുമുമ്പ് താണുപോയി. അങ്ങനെയാണ് ഗോപി മരിച്ചത് എന്നാണ് എനിക്കു കിട്ടിയ റിപ്പോർട്ട്. നാട്ടുകാർക്ക് പ്രതിഷേധം ഉള്ളതുകൊണ്ടും ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിക്കാൻ ബാദ്ധ്യസ്ഥനായതുകൊണ്ടും എനിക്കു കിട്ടിയ സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ചും ക്രൈം കേസ് രജിസ്റ്റർചെയ്ത് അന്വേഷിക്കുന്നുണ്ട്. അന്വേഷണത്തിൽ ആരുടെ എങ്കിലും ഭാഗത്ത് കുറ്റം ഉണ്ടെങ്കിൽ നടപടി സ്വീകരിക്കും.

(10) സർക്കാർ വകുപ്പുകളിലെ അനധികൃത നിയമനങ്ങൾ

ശ്രീ. മത്തായി ചാക്കോ : കേരളം നാൽപ്പത് ലക്ഷത്തോളം തൊഴിലില്ലാത്ത ചെറുപ്പക്കാരുള്ള ഒരു സംസ്ഥാനമാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം നിയമനം സംബന്ധിച്ച എല്ലാ നിയമപരമായ സംവിധാനങ്ങളും അട്ടിമറിച്ചുകൊണ്ട് പി.എസ്.സി.-യെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെയും നോക്കുകുത്തികളാക്കി കൊണ്ട് പതിനായിരക്കണക്കിനാളുകളെ പിൻവാതിലിലൂടെ നിയമിച്ച പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. സാധാരണയായി ബോർഡുകളിലും കോർപ്പറേഷനുകളിലും സ്വയംഭരണ സ്ഥാപനങ്ങളിലുമൊക്കെയാണ് ഇത് നടക്കുന്നത്. ഇപ്പോഴത്തെ നിയമനത്തിൽ ഒരു പ്രത്യേകത ഉണ്ട്. ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ രണ്ടുപേരെ ഇതിനകം നിയമിച്ചുകഴിഞ്ഞു. ഞാൻ അതിന്റെ ഉത്തരവ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പൊതുഭരണ വകുപ്പിൽനിന്നും ജി. മോളി. മോളിയുടെ അപേക്ഷ തീയതി വയ്ക്കാത്തതാണ്. കേരള സർക്കാരിന്റെ ഉത്തരവാണ്. മോളിയുടെ തീയതി വയ്ക്കാത്ത നിവേദനത്തിന്റെ മുകളിൽ മോളിയുടെ ഇത്രയും കാലത്തെ ജോലിയെപ്പറ്റി പറയുന്നുണ്ട്. 2001-ലാണ് നിയമിച്ചത്. അവരുടെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത്, മോളിയുടെ ആവശ്യം പ്രത്യേക കേസായി പരിഗണിക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നു. ഈ ഉത്തരവ് ഒരു കീഴ്വഴക്കമായി കണക്കാക്കാൻ പാടില്ലാത്തതാകുന്നു. മോളിക്ക് എന്താണ് പ്രത്യേകത ? ഇവിടെയുള്ള പതിനായിരക്കണക്കിന് ചെറുപ്പക്കാരുടെ പട്ടികയിൽ വരുന്ന ഒരാളാണ്. അവർക്ക് ജോലി കിട്ടുന്നതിൽ എനിക്ക് വിരോധമില്ല. മോളിയുടെ കേസ് എങ്ങനെയാണ് ഈ ഗവണ്മെന്റ് പ്രത്യേക കേസായി പരിഗണിച്ചത് ? അതുപോലെ പി. രാജീവിനെ പാർട്ട് ടൈം ഗാർഡനറായി നിശ്ചയിച്ചിരിക്കുന്നു. പത്ത് പോസ്റ്റുകളിലേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് നിയമനം നടത്താൻ വേണ്ടിയാണ് നടപടികൾ സ്വീകരിച്ചിരിക്കുന്നതെന്നാണ് പറയുന്നത്. ഈ അനധികൃത നിയമനങ്ങൾ നിർത്തണം. അതുപോലെതന്നെ യൂത്ത് വെൽഫെയർ ബോർഡിലെ നിയമനം. 14 ജില്ലാ ഓഫീസുകളിൽ 14 വെൽഫെയർ ഓഫീസർ, 28 ക്ലാർക്കുമാർ. അതുപോലെ കെ.എസ്.ഇ.ബി.-യുടെ എല്ലാ ഡിവിഷനുകളിലും റിട്ടയർ ചെയ്ത ആളുകളെ നിയമിച്ചു കഴിഞ്ഞിരിക്കുകയാണ്. സി-ഡിറ്റിൽ എഴുപതിലധികം ആളുകളെ നിശ്ചയിച്ചിരിക്കുന്നു. കെ.എസ്.ആർ.ടി.സി. പുതിയ ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങുന്നു എന്ന പേരിൽ 10 ഓവർസിയർ, 10 സ്വീപ്പർ, 3 സൈറ്റ് എഞ്ചിനീയർ,

LIBRARY ARCHIVES Kerala Legislative Assembly

4 അസിസ്റ്റന്റ് എഞ്ചിനീയർ, 135 മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരെ നിശ്ചയിച്ചുകഴിഞ്ഞു. ബിവറേജസ് കോർപ്പറേഷനിൽ ഇപ്പോൾത്തന്നെ 786 ആളുകളെ താത്ക്കാലികമായി നിയമിച്ചിരിക്കുകയാണ്. വാട്ടർ അതോറിറ്റിപോലെയുള്ള എല്ലാ സ്ഥലത്തും ആളെ നിയമിച്ചിരിക്കുകയാണ്. ഐ.എച്ച്.ആർ.ഡി.-യുടെ നിയമനത്തിന്റെ കാര്യം ഞാൻ മുമ്പ് ഇവിടെ പറഞ്ഞതാണ്. അവിടെ ഒരുപാട് ആളുകളെ നിയമിച്ചിരിക്കുന്നു. അങ്ങനെ കേരളത്തിലെ സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ ഉൾപ്പെടെയുള്ള എല്ലായിടത്തും അനധികൃത നിയമനം നടക്കുന്നു. ഇപ്പോൾ സെക്രട്ടേറിയറ്റിലേക്കും അത് വ്യാപിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് അനധികൃതമായി നിയമിച്ച മുഴുവൻ ആളുകളെയും പിരിച്ചുവിടുന്നതിന് ഗവണ്മെന്റ് സന്നദ്ധമാകണം. പി.എസ്.സി.-യെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെയും ഉപയോഗപ്പെടുത്തി താത്ക്കാലിക നിയമനത്തിനു വേണ്ടിയുള്ള സംവിധാനം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): എല്ലാ കാലത്തും ഗവണ്മെന്റ് താത്ക്കാലിക നിയമനം നടത്താറുണ്ട്. ഒഴിവു വരുമ്പോൾ പി.എസ്.സി. ഹാൻഡ്സ് കാണില്ല. അതുകൊണ്ട് താത്ക്കാലിക നിയമനം നടത്തും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനെല്ലാം മറുപടി പറയാനായി അഞ്ചാറു ഫയലുകൾ വന്നിട്ടുണ്ട്. അവ ഓരോന്നിനും ന്യായീകരണവും ഉണ്ട്. സമയമില്ലാത്തതുകൊണ്ട് അതിലേക്ക് കടക്കുന്നില്ല. സെക്രട്ടേറിയറ്റിനെ സംബന്ധിച്ച് ചില പേരുകൾ പറഞ്ഞതുകൊണ്ട് അത് പറയാം. സെക്രട്ടേറിയറ്റിലെ സെക്യൂരിറ്റി ഗാർഡ് തസ്തികയിലേക്കുള്ള നിയമനം 14-10-1996-ലെ ജി. ഒ. പ്രകാരം പി.എസ്.സി.-ക്ക് വിട്ടു. 13-8-2002-ലെ ഉത്തരവ് പ്രകാരം ആവശ്യമായ ചട്ടങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അതനുസരിച്ച് 8-4-2003-ൽ ടി തസ്തികയിൽ 50 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തു. എന്നാൽ 1993 മുതൽ 2000 വരെ വിവിധ കാലയളവിൽ ജില്ലാ സൈനിക ബോർഡ് മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമിക്കപ്പെട്ട ആറ് മാസത്തെ സേവനം പൂർത്തിയാക്കിയശേഷം ദിവസവേതനാടിസ്ഥാനത്തിൽ തുടർന്നുവന്ന സെക്യൂരിറ്റി ഗാർഡുകളെ സ്ഥിരപ്പെടുത്തണമെന്ന് അവർ നിരന്തരം ആവശ്യപ്പെട്ടിരുന്നു. അക്കാര്യം പി.എസ്.സി.-യുമായി സർക്കാർ ആലോചിക്കുകയുണ്ടായി. എന്നാൽ പി.എസ്.സി. ഈ നിർദ്ദേശത്തോട് വിയോജിക്കുകയാണുണ്ടായത്. പുനഃപരിശോധനയിലും സർക്കാർ നിർദ്ദേശത്തിന് കമ്മീഷന്റെ അനുമതി ലഭിച്ചില്ല. ഇതേ ആവശ്യം ഉന്നയിച്ച് മേൽപ്പടി ജീവനക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. കോടതി പരാതിക്കാരെ നേരിൽ കേൾക്കുന്നതിന് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ തീർപ്പ് കൽപ്പിക്കണമെന്നാണ് കോടതി ഉത്തരവ്. അതനുസരിച്ച് പ്രസ്തുത ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ തുടരാൻ അനുവദിക്കുകയും റിപ്പോർട്ട് ചെയ്തതിൽ 30 ഒഴിവുകൾ പിൻവലിക്കുകയും ചെയ്തു. എന്നാൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ പിന്നീട് റദ്ദ് ചെയ്യാനോ കുറയ്ക്കാനോ പാടില്ലാത്തതാണെന്ന് പി.എസ്.സി. ചൂണ്ടിക്കാണിച്ചു. ഇതിനിടയിൽ മൂന്ന് പേർ 60 വയസ്സ് പൂർത്തിയായതിനെ തുടർന്ന് പിരിഞ്ഞുപോയി. 27 സെക്യൂരിറ്റി ഗാർഡുമാർ സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിനുമുമ്പ് ജോലിയിൽ പ്രവേശിച്ചതിനാൽ സ്ഥിരപ്പെടുമെന്ന പ്രതീക്ഷയിൽ

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു ജോലിക്കും പോകാതെ വർഷങ്ങളായി സെക്രട്ടേറിയറ്റിൽ തുടരുന്നവരാണ്. ഇവരിൽ പലർക്കും 50 വയസ്സ് പൂർത്തിയായതിനാൽ മറ്റൊരു ജോലിക്കും സാദ്ധ്യത ഇല്ലെന്നുകണ്ട് ഇവിടെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ വീണ്ടും പരിശോധിക്കുകയും പി.എസ്.സി.-യുടെ ഉപദേശം മറികടന്നുകൊണ്ട് 7-4-2005-ൽ മന്ത്രിസഭാ തീരുമാന പ്രകാരം റിപ്പോർട്ട് ചെയ്ത 50 ഒഴിവുകളിൽ 23 എണ്ണം പിൻവലിച്ചുകൊണ്ട് മേൽപ്പടി 27 സെക്യൂരിറ്റി ഗാർഡുമാരെ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്ത സാഹചര്യം ഇതാണ്. സെക്രട്ടേറിയറ്റ് ശുചീകരണ വിഭാഗത്തിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ 2001 മുതൽ മോളി ജോലി നോക്കി വരുന്നു. സാമ്പത്തിക പരാധീനത കാരണം ജീവിതം മുന്നോട്ടുപോകാൻ ബുദ്ധിമുട്ടിയിരുന്ന മേൽപ്പടി ജീവനക്കാരി നിലവിൽ ഒഴിവുവരുന്ന ശുചീകരണവിഭാഗത്തിൽ നിയമിക്കണമെന്ന് അപേക്ഷിക്കുക ഉണ്ടായി. മോളിയുടെ അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. മോളി ആകെ 771 ദിവസം സെക്രട്ടേറിയറ്റിൽ ദിവസക്കൂലി വ്യവസ്ഥയിൽ ജോലി ചെയ്തിട്ടുണ്ട്. ഇത്രയും കാലത്തെ ജോലി പരിചയം മുൻനിർത്തിയും സാമ്പത്തിക പരാധീനത കണക്കിലെടുത്തും മോളിയുടെ ആവശ്യം പ്രത്യേക കേസായി പരിഗണിച്ച് പാർട്ട് ടൈം ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നിയമിക്കാൻ പാടുള്ളൂ എന്ന വ്യവസ്ഥയിൽ ഇളവു വരുത്തി അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ പാർട്ട്-ടൈം-സ്വീപ്പർ-കം-സാനിട്ടേഷൻ വർക്കറായി നിയമിച്ചു. 2001 മുതൽ വർക്ക് ചെയ്യുന്നവരാണ്. പാർട്ട് ടൈം സ്വീപ്പറുടെ നിയമന കാര്യമാണല്ലോ ബഹുമാനപ്പെട്ട മത്തായി ചാക്കോ പറഞ്ഞത്. സെക്രട്ടേറിയറ്റിലെ ദിവസക്കൂലി വ്യവസ്ഥയിൽ 2 വർഷവും 10 മാസവും ജോലി നോക്കിയിരുന്ന രാജീവിന്റെ സേവന ദൈർഘ്യവും സാമ്പത്തിക പരാധീനതയും പരിഗണിച്ച് 2-1-2005-ലെ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിൽ പാർട്ട് ടൈം ഗാർഡനറായി നിയമിച്ചു. ഇതെല്ലാം പി.എസ്.സി.-ക്കു വിടണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ നയം. പി.എസ്.സി.-ക്കു വിടുമ്പോൾ മെരിറ്റ് നോക്കും, റിസർവേഷൻ നോക്കും. പക്ഷേ ചില പ്രത്യേക സാഹചര്യത്തിൽ ചിലതൊക്കെ ചെയ്യേണ്ടിവരും.

(11) വാടാനപ്പിള്ളി-കണ്ടശ്ശാങ്കടവ്-കാഞ്ഞാണി തൃശ്ശൂർ ലിങ്ക് റോഡിന്റെ പണി

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, തൃശ്ശൂർ ജില്ലയിൽ എൻ.എച്ച്. 17-നേയും എൻ.എച്ച് 47-നേയും തമ്മിൽ ബന്ധിപ്പിക്കുന്ന വാടാനപ്പിള്ളി-കണ്ടശ്ശാങ്കടവ്-കാഞ്ഞാണി തൃശ്ശൂർ റോഡ് ഏറ്റവും വാഹനത്തിരക്കും ഗതാഗത കുരുക്കും അനുഭവപ്പെടുന്ന പ്രധാനപ്പെട്ട റോഡാണ്. ഇതിന്റെ മുന്തിയ പ്രാധാന്യം കണക്കിലെടുത്ത് ഈ റോഡ് വേൾഡ് ബാങ്ക് സ്കീമിൽപ്പെടുത്തി ഉടൻ പണി ആരംഭിക്കുമെന്ന് പറഞ്ഞിരുന്നു. ഇതിനുവേണ്ടി പല പ്രാവശ്യം പരിശ്രമിച്ചിട്ടും ഫലമില്ലാതെ വന്നതു കൊണ്ടാണ് ഇപ്പോൾ ഈ സബ്മിഷൻ ഉന്നയിക്കേണ്ടിവന്നത്. ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് റോഡിന്റെ ഇരുവശത്തുമുള്ള ഭൂമി അക്വിസിഷൻ നടപടിയിലൂടെ ഏറ്റെടുത്ത് വീതി കൂട്ടാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly